**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **31-01-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മുൻ സർക്കാറിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട് നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള അലംഭാവം സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിന് തടസ്സമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മഞ്ചേരി നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ

| വർഷം | കോളനി | നിലവിലെ സ്ഥിതി |
|---|---|---|
| 2016-17 | ആമയൂർ ചക്കിങ്ങൽകണ്ടി | പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | ഏറാഞ്ചേരി | പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2019-20 | ആര്യംപാടം കുറുങ്കാട്ടുകുന്ന് | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2021-22 | പാക്കരത്ത് | എസ്റ്റിമേറ്റ് അംഗീകരിച്ചു. പ്രവൃത്തികൾ ആരംഭിച്ചു. . |
| 2021-22 | ആനക്കോട് | എസ്റ്റിമേറ്റ് അംഗീകരി യ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |